# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – പൊതുമരാമത്ത് പ്രവൃത്തികൾ – ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹണം നടത്താവുന്ന പ്രവൃത്തികളുടെ അടങ്കൽ തുക – പരിധി വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(എം.എസ്) 17/08/തസ്വഭവ തിരുവനന്തപുരം, തീയതി 16.01.2008

---

പരാമർശം :– 1. 06/06/2002–ലെ സ.ഉ.(എം.എസ്) 20/2002/പ്ലാനിംഗ് നമ്പർ ഉത്തരവ്.

2. 16/12/2004–ലെ സ.ഉ.(എം.എസ്) 85/2004/പ്ലാനിംഗ് നമ്പർ ഉത്തരവ്.

3. 24/07/2007–ലെ സ.ഉ.(എം.എസ്) 183/2007/തസ്വഭവ നമ്പർ ഉത്തരവ്.

## ഉത്തരവ്

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വേണ്ടി പുറപ്പെടുവിച്ചിട്ടുള്ള പൊതുമരാമത്ത് ചട്ടങ്ങൾ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗുണഭോക്തൃ സമിതി/അക്രഡിറ്റഡ് ഏജൻസി മുഖേന, തദ്ദേശഭരണ സ്ഥാപനം നേരിട്ട് അല്ലെങ്കിൽ ടെണ്ടർ പ്രകാരം എന്നീ രീതികളിൽ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം നടത്താവുന്നതാണ്. ആയതിൻ പ്രകാരം ഒൻപതാം പഞ്ചവത്സരപദ്ധതി കാലയളവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏത് പ്രവൃത്തിയും ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കുവാൻ കഴിയുമായിരുന്നു.

എന്നാൽ പത്താം പഞ്ചവത്സര പദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കാവുന്ന ഇത്തരത്തിലുള്ള പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച് സർക്കാർ പരിധി നിശ്ചയിക്കുകയും 25,000/– രൂപയിൽ കുറവ് അടങ്കൽ തുകയുള്ള പ്രവൃത്തികൾ മാത്രമേ ഗുണഭോക്തൃ സമിതികൾ മുഖേന നടത്താൻ പാടുള്ളൂ എന്ന വ്യവസ്ഥ സൂചന (1) പ്രകാരം ഏർപ്പെടുത്തുകയും പിന്നീട് 2005–2006 സാമ്പത്തിക വർഷത്തിൽ പരിധി തുക 50,000/– രൂപയായി സൂചന (2) പ്രകാരം വർദ്ധിപ്പിക്കുകയുണ്ടായി.

പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ പ്രാരംഭ വർഷത്തിലും 50,000/– രൂപ എന്ന പരിധി തുടരാവുന്നതാണെന്നുള്ള വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃസമിതികൾ മുഖേന നിർവ്വഹണം നടത്താവുന്ന പ്രവൃത്തികളുടെ അടങ്കൽ തുക 50,000/– രൂപയായി തന്നെ നിശ്ചയിച്ചുകൊണ്ടും, അദ്ധ്യാപക – രക്ഷകർത്തൃസമിതികൾ (PTA) നേരിട്ട് നിർവ്വഹണം നടത്താൻ തയ്യാറാകുന്ന സ്കൂൾ/അംഗൻവാടി കെട്ടിടനിർമ്മാണം, ഗുണഭോക്തൃ വിഹിതം നിർബന്ധമായ ജലസേചനം, കുടിവെള്ള വിതരണം എന്നീ പ്രവൃത്തികളുടെ കാര്യത്തിൽ ഈ പരിധി ബാധകമല്ല എന്നും അത്തരത്തിലുള്ള പ്രവൃത്തികളുടെ അടങ്കൽ തുക 50,000/– രൂപയിൽ അധികമാണെങ്കിലും അവയുടെ നിർവ്വഹണം അതത് ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കാവുന്നതാണെന്നും വ്യക്തമാക്കിക്കൊണ്ട് സൂചന (3) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

എന്നാൽ ടെണ്ടർ മുഖേന പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇപ്പോൾ ഒട്ടേറെ പ്രയാസങ്ങൾ അഭിമുഖീകരിക്കുന്നതായും ചില സ്ഥലങ്ങളിൽ കരാറുകാർ ടെണ്ടർ ബഹിഷ്ക്കരണ നടപടികൾ സ്വീകരിച്ചിട്ടുള്ളതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരാറുകാരുടെ ഭാഗത്തുനിന്നുള്ള ഇത്തരത്തിലുള്ള നടപടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനത്തെ വളരെയേറെ പ്രതികൂലമായി ബാധിക്കുമെന്ന് സർക്കാരിന് ബോധ്യപ്പെട്ട സാഹചര്യത്തിൽ ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹണം നടത്താവുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ അടങ്കൽ തുക നിലവിലുള്ള 50,000/- രൂപയിൽ നിന്നും 5 ലക്ഷം രൂപയായി (അഞ്ചു ലക്ഷം രൂപ) വർദ്ധിപ്പിച്ചുകൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ടി.കെ.ജോസ്**
**ഗവൺമെന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
} ബന്ധപ്പെട്ട എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും അറിയിക്കേണ്ടതാണ്.

അക്കൗണ്ടന്റ് ജനറൽ (എ & ഇ/(ആഡിറ്റ്), കേരള, തിരുവനന്തപുരം
സംസ്ഥാന പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം
എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും/സെക്രട്ടറിമാർക്കും.
എല്ലാ കോർപ്പറേഷൻ മേയർമാർക്കും നഗരസഭാ അദ്ധ്യക്ഷൻമാർക്കും
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയം ഭരണ വകുപ്പ്.
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്.
സെക്രട്ടറി, ആസൂത്രണസാമ്പത്തിക കാര്യ വകുപ്പ്.
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പ്, മുനിസിപ്പൽ ഹൗസ്, വഴുതക്കാട്, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
ഡയറക്ടർ, സി.ഡിറ്റ്, ചിത്രാഞ്ജലി ഹിൽസ്, തിരുവല്ലം പി.ഒ, തിരുവനന്തപുരം
ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ
പബ്ളിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ അടിയന്തിരമായി പ്രസിദ്ധപ്പെടുത്തുന്നതിന്)
അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യവകുപ്പ്.
സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**

**പകർപ്പ് :–** തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

തദ്ദേശസ്വയംഭരണ (ഡി.ബി) (ഡി.സി) (ഡി.ഡി) (എഫ്.എം) വകുപ്പുകൾക്ക്.